ആറളം വന്യജീവി സങ്കേതത്തിന്റെ സംരക്ഷണത്തിനായി നടപടി

122 (4474) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറളം വന്യജീവി സങ്കേതത്തിന്റെ സംരക്ഷണത്തിനായി എത്ര ഉദ്യോഗസ്ഥന്മാരെയാണ് നിയോഗിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ആറളം ഫാം പുനരധിവാസ കേന്ദ്രം പ്രസ്തുത വന്യജീവി സങ്കേതത്തോട് ചേർന്നുകിടക്കുന്നതിനാൽ വന്യജീവി ശല്യത്തിൽനിന്നും ആദിവാസികളെ സംരക്ഷിക്കുന്നതിന് കൂടുതൽ സംരക്ഷണ ഉദ്യോഗസ്ഥൻമാരെ നിയോഗിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആറളം വന്യജീവി സങ്കേതത്തിന്റെ സംരക്ഷണത്തിനായി താഴെപറയുംപ്രകാരം ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്.

വൈൽഡ്ലൈഫ് വാർഡൻ	-	1
റെയിഞ്ച് ഓഫീസർ	-	1
ഫോറസ്റ്റർ	-	4
ഫോറസ്റ്റ് ഗാർഡ്	-	5

(ബി) നിലവിലുള്ള ഉദ്യോഗസ്ഥർ സംരക്ഷണ പ്രവർത്തനങ്ങൾ അടക്കമുള്ള എല്ലാ പ്രവർത്തനങ്ങളും ഫലപ്രദമായി നടത്തുന്നുണ്ട്. കൂടുതൽ ഉദ്യോഗസ്ഥരെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഭാവിയിൽ ആവശ്യമുണ്ടെന്ന് കാണുന്നപക്ഷം ഉദ്യോഗസ്ഥരുടെ എണ്ണം കൂട്ടുന്ന കാര്യം പരിശോധിക്കുന്നതാണ്.

ആറളം വന്യജീവി സങ്കേതത്തിന്റെ സംരക്ഷണത്തിനായി നടപടി

123 (4475) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറളം വന്യജീവി സങ്കേതത്തിന്റെ നിലവിലുള്ള വിസ്തൃതി എത്ര യാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വന്യജീവി കേന്ദ്രത്തോട് ചേർന്ന് വനം വകുപ്പിന്റെ വനമേഖല ഉണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly